# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.485 10.03.2015-ൽ മറുപടിക്ക്

ചോദ്യം ഉത്തരം

**ശ്രീ. ഇ.പി. ജയരാജൻ** **ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

## നികുതി വരുമാനം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടി

| | | |
|---|---|---|
| (എ) | 2014-15 ബഡ്ജറ്റിൽ പ്രതീക്ഷിച്ച ആകെ നികുതി വരുമാനം എത്ര യായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | 2014-15 ബഡ്ജറ്റിൽ പ്രതീക്ഷിച്ച ആകെ നികുതി വരുമാനം 51832.85 കോടി രൂപ യാണ് |
| (ബി) | 2015 ഫെബ്രുവരി 28 വരെ ആകെ ലഭിച്ച നികുതി വരുമാനം എത്ര യാണ്; | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2014-15 സാമ്പത്തിക വർഷം ജനുവരി 31 വരെ ലഭിച്ച ആകെ നികുതി വരുമാനം 34864.16 കോടി രൂപയാണ്. |
| (സി) | ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ച ബാക്കി നികുതി വരുമാനം 2015 മാർച്ച് മാസത്തിൽ ലഭിയ്ക്കുമെന്ന് കരുതുന്നുണ്ടോ; | സാമ്പത്തിക വർഷാവസാനത്തോടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള നികുതി വരുമാനം ലഭ്യമാകുമെന്ന് കരുതുന്നു. |
| (ഡി) | നികുതി വരുമാനം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നികുതി പിരിവ് യജ്ഞം നടത്താനും വിവിധ ഇനങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേ ഉത്തരവുകളും പിൻവലിക്കാനും അത്തരം ഉപാധിരഹിത സ്റ്റേ ഉത്തരവുകൾ ഭാവിയിൽ പുറപ്പെടുവിക്കാതിരിക്കാനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നികുതി പിരിവ് സംബന്ധമായി വിവിധ കോടതികൾ പുറ |

| | | |
|---|---|---|
| | | പ്പെടുവിച്ചിട്ടുള്ള സ്റ്റേ ഉത്തരവുകൾ പിൻവലിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വകുപ്പുതലത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേ ഉത്തരവുകൾ റദ്ദാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ ടാക്സേഷൻ വിംഗ് രൂപവൽക്കരിച്ച് ഊർജ്ജിതമായ നികുതി പിരിവിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. വാണിജ്യ നികുതി വകുപ്പിൽ പുതുതായി രൂപവൽക്കരിച്ച ഇക്കണോമിക് ഇന്റലിജൻസ് വിംഗ് പുറം ഏജൻസികളിൽ നിന്ന് ശേഖരിക്കുന്ന രേഖകൾ ഡീലർമാരുടെ റിട്ടേണുമായി ഒത്തുനോക്കി തട്ടിപ്പുകൾ തടയുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | ആകെ എത്ര നികുതി വരുമാനം ലഭിക്കുമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്? | പുതുക്കിയ എസ്റ്റിമേറ്റുകൾ 2015-16 ലെ ബഡ്ജറ്റിനോടൊപ്പം അവതരിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ